# അഴിമതി മുക്ത കേരളത്തിനായി അണിചേരുക

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50

# അഴിമതി മുക്ത കേരളത്തിനായി അണിചേരുക

## അഴിമതിയിൽ മുങ്ങി കോൺഗ്രസ്

കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരിന്റെ ഭരണകാലയളവ് പൂർണമായും അഴിമതിയിൽ മുങ്ങിയതായിരുന്നു. കോൺഗ്രസ് ഭരണത്തിൽ അഴിമതിഇടപാടുകളുടെ കണക്ക് എല്ലാനിയന്ത്രണവും വിട്ട് ലക്ഷംകോടികളിലേക്ക് കുതിച്ചു. വെട്ടിപ്പുകളിൽ ഭരണാധികാരികൾ റിക്കാർഡിട്ടു. കോൺഗ്രസ് നേതൃത്വവും ഭരണനേതൃത്വവും ഉൾപ്പെട്ട കുംഭകോണങ്ങൾ രാജ്യത്തെ പിടിച്ചുകുലുക്കുകതന്നെ ചെയ്തു. രാജ്യം കണ്ട വൻഅഴിമതികളെല്ലാം യുപിഎ സർക്കാരിന്റെ ഭരണകാലയളവിലാണ് അരങ്ങേറിയത്. കൽക്കരിപ്പാടം, 2ജി സ്പെക്ട്രം, കോമൺവെൽത്ത്, എസ് ബാൻഡ്, ടട്ര ട്രക്ക്, അഗസ്ത വെസ്റ്റ്ലാൻഡ്, പ്രകൃതിവാതകം, വിമാനത്താവളം തുടങ്ങി യുപിഎ ഭരണത്തിൽ കുംഭകോണങ്ങളുടെ പട്ടിക നീളുന്നു. കോർപറേറ്റുകളും ബ്യൂറോക്രാറ്റുകളും രാഷ്ട്രീയനേതൃത്വവും ചേർന്നുള്ള അവിശുദ്ധകൂട്ടുകെട്ട് രാജ്യത്തിന്റെ പൊതുസ്വത്തും പ്രകൃതിവിഭവങ്ങളും കൊള്ളയടിക്കുകയാണ്. കോർപറേറ്റുകൾതന്നെ നേരിട്ട് അധികാരം കൈയാളുകയും നയരൂപീകരണത്തിൽ ഇടപെടുകയും ആരെല്ലാം മന്ത്രിമാരാകണമെന്നു തീരുമാനിക്കുകയും ചെയ്യുന്നു.

1.76 ലക്ഷം കോടി രൂപയുടെ അഴിമതിയാണ് സ്പെക്ട്രം ഇടപാടിന്റെ മറവിൽ നടന്നത്. മൊബൈൽ ഫോൺ സേവനത്തിനാവശ്യമായ

രണ്ടാം തലമുറ സ്പെക്ട്രവും ടെലികോം ലൈസൻസും മാനദണ്ഡങ്ങൾ പാലിക്കാതെ തങ്ങൾക്ക് താൽപ്പര്യമുള്ള കമ്പനികൾക്ക് കൈമാറുകയായിരുന്നു യുപിഎ സർക്കാർ. ഇടപാടുകൾ കോൺഗ്രസ് നേതൃത്വത്തിന്റെയും പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്റെയും അറിവോടെയാണെന്ന ഗുരുതരമായ ആക്ഷേപം നിലനിൽക്കുകയാണ്. ഖജനാവിന് 1.76 ലക്ഷം കോടി രൂപയുടെ നഷ്ടം ഇടപാടിലുണ്ടായെന്ന സിഎജി കണ്ടെത്തൽ രാജ്യത്തെ ഞെട്ടിച്ചു. ലേലം ഒഴിവാക്കി, ആദ്യം വരുന്നവർക്ക് ആദ്യ പരിഗണനയെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകിയാണ് അഴിമതിക്ക് അരങ്ങൊരുക്കിയത്. ഒമ്പത് സ്വകാര്യ കമ്പനികൾക്കായി 122 ലൈസൻസുകൾ. ഫീസിനത്തിൽ ആകെ കിട്ടിയത് 9014 കോടിമാത്രം. പിന്നീട് 122 ലൈസൻസുകളും സുപ്രീംകോടതി റദ്ദാക്കി. റദ്ദാക്കിയ ലൈസൻസുകൾ ലേലത്തിലൂടെ വിതരണം ചെയ്തപ്പോൾ സർക്കാരിന് ലഭിച്ചത് അറുപതിനായിരം കോടിയിലേറെ രൂപ. സ്പെക്ട്രം ഇടപാടിലൂടെ ഖജനാവിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന് വാദിച്ചിരുന്ന കോൺഗ്രസിന് ഇതോടെ മിണ്ടാട്ടമില്ലാതായി.

73. കൽക്കരിപ്പാടങ്ങൾ ഖനനത്തിനായി സ്വകാര്യ കമ്പനികൾക്ക് മൽസര ലേലത്തിലൂടെയല്ലാതെ കൈമാറിയതിന് പിന്നിലും വൻ ക്രമക്കേട് നടന്നു. 2004–09 കാലയളവിലായിരുന്നു ഇടപാടുകൾ. 1.68 ലക്ഷം കോടി രൂപയുടെ തിരിമറി നടന്നതായി സിഎജി കണ്ടെത്തി. 2005–06 കാലയളവിൽ പ്രധാനമന്ത്രി മൻമോഹൻ സിങ് തന്നെയാണ് കൽക്കരിവകുപ്പ് കൈകാര്യം ചെയ്തത്. കൽക്കരിപ്പാടങ്ങൾ നിയമപരമായല്ലാതെ 143 സ്വകാര്യകമ്പനികൾക്ക് നൽകിയപ്പോൾ ഖജനാവിന് നഷ്ടം 1.86 ലക്ഷം കോടിയെന്ന് കണ്ടെത്തിയത് സിഎജി. കമ്പോളത്തിൽ ടണ്ണിന് 2000 രൂപയാണ് കൽക്കരിക്ക്. എന്നാൽ, 50 രൂപ മാത്രം വാങ്ങി ഖനനാനുമതി നൽകി. കോൺഗ്രസ് എംപിമാരായിരുന്ന നവീൻ ജിൻഡാൽ, വിജയ് ദർദ, ഒന്നാം യുപിഎ സർക്കാരിലെ

കോൺഗ്രസ് മന്ത്രി ദസരി നാരായണ റാവു, സുബോധ്കാന്ത് സഹായ് തുടങ്ങിയവർ അനധികൃതമായി കൽക്കരിപ്പാടങ്ങൾ നേടി.

2010 ഒക്ടോബർ ഒന്നുമുതൽ 15 വരെ ന്യൂഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസ് പൊതുസ്വത്ത് കൊള്ളയടിക്കുന്നതിനുള്ള അവസരമാക്കി. കോൺഗ്രസ് നേതാവും കോമൺവെൽത്ത് സംഘാടകസമിതി ചെയർമാനുമായ സുരേഷ് കൽമാഡിയുടെ കാർമികത്വത്തിൽ 36,000 കോടി രൂപയുടെ അഴിമതിയാണ് നടന്നത്. ഗെയിംസിന് അനുമതി നേടാനെന്നപേരിൽ കോൺഗ്രസ്– ബിജെപി എംപിമാർ നടത്തിയ വിദേശയാത്രകൾക്ക് മാത്രം ചെലവഴിച്ചത് 45 കോടി രൂപ. ഗെയിംസുമായി ബന്ധപ്പെട്ട 16 നിർമാണപദ്ധതികളിൽ അഴിമതി നടന്നതായാണ് കേന്ദ്ര വിജിലൻസ് കമീഷൻ കണ്ടെത്തിയത്. പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കാനുള്ള എല്ലാ പദ്ധതികളിലും അഴിമതി നടന്നതായി സിവിസി കണ്ടെത്തി. ആദർശ് ഫ്ളാറ്റ് കുംഭകോണം, ഐപിഎൽ കുംഭകോണം തുടങ്ങി ഒട്ടനവധി വെട്ടിപ്പുകൾ യുപിഎ കാലത്ത് അരങ്ങേറി. ശശി തരൂർ, പവൻ കുമാർ ബൻസൽ, എ രാജ, അശ്വനികുമാർ തുടങ്ങിയ മന്ത്രിമാർക്ക് അഴിമതി ആരോപണങ്ങളെ തുടർന്ന് രാജിവെയ്ക്കേണ്ടി വന്നു.

## അഴിമതി കൊഴുപ്പിച്ച് ബിജെപിയും

ഉന്നതങ്ങളിലെ അഴിമതി അവസാനിപ്പിക്കുമെന്ന പ്രഖ്യാപനത്തോടെയാണ് നരേന്ദ്ര മോഡിയുടെ നേതൃത്വത്തിൽ ബിജെപി സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. കള്ളപ്പണം പുറത്തുകൊണ്ടുവരുമെന്ന വൻപ്രഖ്യാപനവുമുണ്ടായി. എന്നാൽ മോഡി ഭരണത്തിലും അഴിമതികൾ തുടർക്കഥയാവുകയാണ്. അംബാനിയും അദാനിമാരുമാണ് മോഡി ഭരണം നിയന്ത്രിക്കുന്നത്. കള്ളപ്പണം പുറത്തുകൊണ്ടുവരുമെന്ന പ്രഖ്യാപനം മോഡി വിഴുങ്ങുകയും ചെയ്തു. എഴുന്നൂറു

കോടി രൂപയുടെ ഐപിഎൽ തട്ടിപ്പ് നടത്തിയ പിടികിട്ടാപ്പുള്ളി ലളിത് മോഡിക്ക് ഒത്താശചെയ്തുകൊടുക്കുന്നത് കേന്ദ്ര വിദേശമന്ത്രി സുഷ്മ സ്വരാജാണ്. സാമ്പത്തിക കുറ്റവാളിക്കുവേണ്ടി കത്തും സത്യവാങ്മൂലവും നൽകിയത് രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധര രാജെ സിന്ധ്യ. റേഷനരിത്തട്ടിപ്പിന് പ്രതിക്കൂട്ടിൽനിൽക്കുകയാണ് ഛത്തീസ്ഗഢ് മുഖ്യമന്ത്രി രമൺസിങ്. അങ്കണവാടി-സ്കൂൾകുട്ടികൾക്കുള്ള ഉച്ചഭക്ഷണകുംഭകോണത്തിന് ഒത്താശചെയ്തുകൊടുത്തതിന് കുരുക്കിൽപ്പെട്ടു നിൽക്കുകയാണ് മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫട്നാവിസ്. 3000 കോടി രൂപയുടെ വ്യാപം കുംഭകോണത്തിന്റെയും അതിന്റെ ഭാഗമായുള്ള കൊലപാതകപരമ്പരയുടെയും ഉത്തരവാദിയായി നിൽക്കുന്നു മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ്സിങ് ചൗഹാൻ. 'നല്ല ദിനങ്ങൾ' വാഗ്ദാനം മുഴക്കി വിദേശം ചുറ്റുന്ന പ്രധാനമന്ത്രി നരേന്ദ്രമോഡിയാകട്ടെ ഇക്കാര്യങ്ങളിൽ മൗനവ്രതത്തിലാണ്.

## ലളിത് മോഡിക്ക് വഴിവിട്ട സഹായം

ഐപിഎൽ വിവാദത്തിൽ ഉൾപ്പെട്ട വിവാദ വ്യവസായി ലളിത് മോഡിയെ വഴിവിട്ട് സഹായിച്ചാണ് മോഡി സർക്കാരിന്റെ തുടക്കം. ഐപിഎൽ കേസിൽ നിയമത്തിന് മുന്നിൽ വരാതെ 2010 മുതൽ ബ്രിട്ടനിൽ ഒളിച്ചുകഴിയുകയാണ് ലളിത് മോഡി. പോർച്ചുഗലിൽ ചികിൽസയിൽ കഴിയുന്ന ഭാര്യയെ സന്ദർശിക്കുന്നതിനാണ് ലളിത് മോഡി എൻഡിഎ സർക്കാരിന്റെ സഹായം തേടിയത്. ലളിത് മോഡിക്ക് യാത്രാ രേഖകൾ അനുവദിക്കാം എന്നറിയിച്ച് വിദേശ മന്ത്രി സുഷമാ സ്വരാജ് ബ്രിട്ടീഷ് അധികൃതർക്ക് കത്തയച്ചു. സുഷമയുടെ മകൾ ലളിത് മോഡിയുടെ അഭിഭാഷക സംഘത്തിൽ ഉൾപ്പെടുന്നുവെന്ന പ്രത്യേകതയുമുണ്ട്. സുഷമയുടെ ശുപാർശ സ്വീകരിച്ച ബ്രിട്ടൻ ലളിത് മോഡിക്ക് പോർച്ചുഗലിൽ പോയി വരാൻ അനുമതി നൽകി.

രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധര രാജെയ്ക്ക് ലളിത് മോഡിയുമായുള്ള അടുപ്പവും ഈ ഘട്ടത്തിൽ പുറത്തുവന്നു. ലളിത് മോഡിക്ക് ആവശ്യമായ സഹായങ്ങളൊരുക്കണമെന്ന് ശുപാർശ ചെയ്ത് വസുന്ധരയും ബ്രിട്ടീഷ് അധികൃതർക്ക് കത്തയച്ചിരുന്നു. വസുന്ധരയും ലളിത് മോഡിയുമായുള്ള ബിസിനസ് ഇടപാടുകളും മറനീക്കി പുറത്തുവന്നു. വസുന്ധരയുടെ മകൻ ദുഷ്യന്തിന്റെ പേരിലുള്ള ഒരു കമ്പനിയിലേക്ക് കോടികളാണ് ലളിത് മോഡി ഒഴുക്കിയത്.

## രാജ്യത്തെ ഞെട്ടിച്ച് വ്യാപം

കേന്ദ്ര മന്ത്രിമാരുൾപ്പെടെ ആക്ഷേപം നേരിടുന്ന മധ്യപ്രദേശിലെ വ്യാപം അഴിമതിയാണ് മോഡി അധികാരത്തിലെത്തിയതിന് പിന്നാലെ പുറത്തുവന്ന മറ്റൊരു വൻ ക്രമക്കേട്. മെഡിക്കൽ- എൻജിനിയറിങ് സീറ്റുകളിലേക്കും സർക്കാർ ഏജൻസികളുടെ വിവിധ ഒഴിവിലേക്കും നിയമനം നടത്തുന്നതിന് 1980ൽ രൂപംകൊണ്ട സമിതിയാണ് മധ്യപ്രദേശ് പ്രൊഫഷണൽ എക്സാമിനേഷൻ ബോർഡ് (എംപിപിഇബി) അഥവാ വ്യാവസായിക് പരീക്ഷാ മണ്ഡൽ (വ്യാപം). 2009 മുതൽ പരീക്ഷകളിൽ വൻക്രമക്കേട് നടന്നു. വ്യാജരെ കൊണ്ട് പ്രവേശന പരീക്ഷ എഴുതിക്കൽ, റാങ്ക് ലിസ്റ്റിൽ ക്രമക്കേട് തുടങ്ങിയവയാണ് അരങ്ങേറിയത്. ഇതിനായി വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും കണ്ടെത്തുന്നതിന് രാജ്യവ്യാപകമായി പ്രത്യേക റാക്കറ്റ് പ്രവർത്തിച്ചു. 3000 കോടി രൂപയുടെ അഴിമതി നടന്നു എന്ന് അനൗദ്യോഗിക കണക്ക്. വ്യാപം അഴിമതി സംഘപരിവാറിന്റെ മുഖംമൂടി വലിച്ചഴിച്ചു. ആർഎസ്എസ് ഉന്നതർ വ്യാപം കുംഭകോണത്തിൽ പങ്കാളികളായതിന്റെ വിവരങ്ങൾ പുറത്തുവരുന്നു. തെളിവുകൾ നശിപ്പിക്കാനായി സാക്ഷികളെയും പ്രതികളെയും കൊല്ലുന്ന ഞെട്ടിക്കുന്ന വാർത്തകളാണ് കേട്ടത്. അമ്പതോളം പേർ ഇതിനകം ദുരൂഹസാ

ഹചര്യത്തിൽ മരിച്ചു. ഗവർണർ രാംനരേഷ് യാദവിന്റെ മകൻ, ജബൽ പുർ മെഡിക്കൽ കോളേജ് ഡീനായിരുന്ന ഡോ. അരുൺ ശർമ ടിവി ടുഡെയുടെ റിപ്പോർട്ടറായ അക്ഷയ്സിങ്, ക്രമക്കേടിലൂടെ നിയമനം കിട്ടിയെന്നു കരുതുന്ന സബ്ഇൻസ്പെക്ടർ ട്രെയ്നി അനാമിക കുശ്വാഹ തുടങ്ങിയവർ ജീവൻ നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുന്നു. ഫാസിസത്തിന്റെ ഭീകരമുഖമാണ് വ്യാപം കുംഭകോണത്തിൽ കണ്ടത്. സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, മുഖ്യമന്ത്രിയുടെ ഭാര്യ എന്നിവർക്കും നിയമനപരീക്ഷാ ബോർഡിലെ പ്രമുഖർക്കും പുറമെ ആർഎസ്എസ് നേതൃത്വത്തിലെ മൂന്നാമനായി കണക്കാക്കപ്പെടുന്ന സുരേഷ് സോണി, അന്തരിച്ച സർസംഘചാലക് സുദർശൻ എന്നിവർക്കും തട്ടിപ്പിൽ പങ്കാളിത്തമുണ്ടെന്ന തെളിവുകൾ പുറത്തുവന്നു. മുതിർന്ന ബിജെപി നേതാവ് ലക്ഷ്മികാന്ത് ശർമ വിദ്യാഭ്യാസവകുപ്പ് കൈകാര്യംചെയ്ത ഘട്ടത്തിലാണ് വൻതിരിമറി അരങ്ങേറിയത്. മുഖ്യമന്ത്രി ശിവ്രാജ് സിങ്ങിന്റെ ഭാര്യ സാധ്ന സിങ് നിയമനത്തിനായി ഒട്ടനവധി പേരുകൾ തട്ടിപ്പുകാരോട് ശുപാർശ ചെയ്തതായും കണ്ടെത്തി. കേന്ദ്രമന്ത്രി ഉമാ ഭാരതി, ബിജെപിയുടെ മധ്യപ്രദേശ് മുൻ അധ്യക്ഷൻ പ്രകാശ് ഝാ, രാജ്യസഭാംഗവും മുതിർന്ന ബിജെപി നേതാവുമായ അനിൽ ദവെ, കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ തുടങ്ങിയവർക്കും വ്യാപം അഴിമതിയിൽ പങ്കുള്ളതായി ആക്ഷേപം ഉയർന്നു.

വ്യാപം കേസിൽ സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം വേണമെന്ന ആവശ്യത്തെ സംഘപരിവാർ ശക്തമായി എതിർക്കുകയായിരുന്നു. ആർഎസ്എസ് പ്രമുഖരുടെ പങ്ക് പുറത്താകുമെന്ന ഭയമായിരുന്നു പിന്നിൽ. ആർഎസ്എസ് സർസംഘചാലക് ആകാനിടയുണ്ടെന്ന് പ്രചരിപ്പിക്കപ്പെടുന്നയാളാണ് സുരേഷ് സോണി. പ്രധാനമന്ത്രി നരേന്ദ്ര മോഡിയുമായി ഏറ്റവും വ്യക്തിബന്ധമുള്ള ആർഎസ്എസ് നേതാവായി വിശേഷിക്കപ്പെടുന്നതും സുരേഷ് സോണി തന്നെ. വിദഗ്ധമായ ആസൂത്രണം മാത്രമല്ല, കൊലപാതകങ്ങൾ നട

പ്പാക്കിയ രീതിയും വ്യക്തമാക്കുന്നത് വ്യാപകമായ ശൃംഖലയുള്ള സംവിധാനം ഇതിനു പിന്നിൽ പ്രവർത്തിച്ചു എന്നാണ്. വൻസാമ്പത്തിക ഇടപാടിനപ്പുറം രക്തപങ്കിലമായ അധ്യായമാണ് വ്യാപം കുംഭകോണം. അഴിമതിക്കറ പുരളാത്ത മുഖ്യമന്ത്രിയെന്ന് ബിജെപി വിശേഷിപ്പിക്കുന്ന ശിവരാജ് സിങ് ചൗഹാന്റെ കാലത്താണ് ഈ അഴിമതി മുഴുവൻ അരങ്ങേറിയത്.

## ക്രിക്കറ്റ് അഴിമതിയിൽ മന്ത്രി അരുൺ ജെയ്റ്റ്ലിയും

കേന്ദ്രധനമന്ത്രി അരുൺ ജെയ്റ്റ്ലി ഡൽഹി ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റായിരിക്കെ വൻ ക്രമക്കേടുകൾ അരങ്ങേറിയെന്ന ആക്ഷേപം ബിജെപിയെ പിടിച്ചുകുലുക്കുന്നു. ജെയ്റ്റ്ലിക്കെതിരായ ആരോപണം പ്രതിപക്ഷസൃഷ്ടിയെന്നു വ്യാഖ്യാനിച്ച് രക്ഷപ്പെടാനാകാതെ സംഘപരിവാർ ഉഴലുകയാണ്. ബിജെപി നേതാവും എംപിയുമായ കീർത്തി ആസാദ് തന്നെയാണ് ജെയ്റ്റ്ലിയ്ക്കെതിരെ തെളിവുകൾ സഹിതം രംഗത്തുള്ളത്. 1993 മുതൽ 2013 വരെ ഡൽഹി ക്രിക്കറ്റ് അസോസിയേഷൻ അധ്യക്ഷനായിരുന്നു ജെയ്റ്റ്ലി. ഡൽഹിയിൽ ക്രിക്കറ്റിന് മാത്രമായി ഫിറോസ്ഷാ കോട്ല സ്റ്റേഡിയം നിർമ്മിച്ചത് ജെയ്റ്റ്ലി ഡിഡിസിഎയ്ക്ക് നേതൃത്വം നൽകിയ കാലയളവിലാണ്. സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് വൻക്രമക്കേടുകൾ നടന്നു . വ്യാജ കമ്പനികളുടെയും മറ്റും പേരിൽ പണം തട്ടിയെടുത്തു. ജെയ്റ്റ്ലി ഡിഡിസിഎ അധ്യക്ഷനായിരിക്കെ നിർമ്മാണ പ്രവർത്തനങ്ങളുടെയും മറ്റും മറവിൽ 14 വ്യാജ കമ്പനികളുടെ അക്കൗണ്ടിലേക്ക് 90 കോടി രൂപ ഡിഡിസിഎയുടെ അക്കൗണ്ടിൽ നിന്നെത്തി. വീടുകളുടെയും കടകളുടെയുമൊക്കെ വിലാസത്തിലാണ് കമ്പനികൾ രജിസ്റ്റർ ചെയ്തിരുന്നത്. 2003 ൽ 24 കോടി രൂപയ്ക്കാണ് പുനർനിർമ്മാണത്തിന് കരാർ നൽകിയത്. എന്നാൽ 12 വർഷത്തിനിടെ 141 കോടി

രൂപ ഡിഡിസിഎ ചെലവഴിച്ചു.

ജെയ്റ്റ്‌ലി അധ്യക്ഷനായിരുന്ന അവസാന മൂന്ന് വർഷ കാലയളവിൽ കടലാസു കമ്പനികൾക്ക് 25 കോടി രൂപ കൈമാറി. ഡിഡിസിഎ അഴിമതികളെ കുറിച്ചുള്ള അന്വേഷണം ഏതുവിധേനയും തടയാനാണ് ഇപ്പോൾ ജെയ്റ്റ്‌ലിയുടെയും കേന്ദ്രത്തിന്റെയും ശ്രമം. ഏറ്റവും ഒടുവിൽ ഡൽഹി സർക്കാർ പ്രഖ്യാപിച്ച അന്വേഷണ കമീഷൻ നിയമവിരുദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഉത്തരവിട്ടു. ഡൽഹി സർക്കാരിന് ഇത്തരമൊരു കമീഷനെ നിയമിക്കാൻ അധികാരമില്ലെന്നാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ നിലപാട്. എന്നാൽ അന്വേഷണം തുടരുമെന്നും പരാതിയുള്ളവർക്ക് കോടതിയെ സമീപിക്കാമെന്നും ഡൽഹി സർക്കാറും വ്യക്തമാക്കി.

ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഡൽഹി പൊലീസിലെ ഉന്നതർക്ക് രണ്ടുവട്ടം ജെയ്റ്റ്‌ലി കത്തയച്ചത് അടുത്തയിടെ പുറത്തുവന്നു. അഴിമതി ആരോപണം അന്വേഷിക്കുകയല്ല, കീർത്തി ആസാദിനെതിരെ നടപടി ഭീഷണിമുഴക്കുകയാണ് ബിജെപി നേതൃത്വം ചെയ്തത്. കീർത്തി ആസാദാകട്ടെ ബിജെപി നേതൃത്വത്തെ വെല്ലുവിളിക്കുകയും.

പ്രതിപക്ഷത്തായിരുന്നപ്പോൾ അഴിമതിയ്ക്കെതിരെ വാചാലരായിരുന്ന ബിജെപി നേതൃത്വം മൗനത്തിലാണ്. അഴിമതി തുടച്ചുനീക്കുമെന്ന് അവകാശപ്പെട്ട മോഡിക്കും മിണ്ടാട്ടമില്ല.

## ഉമ്മൻചാണ്ടിയുടെ അഴിമതിരാജ്

യുഡിഎഫ് ഭരണം അഞ്ചുവർഷം തികക്കാനിരിക്കെ അമ്പരപ്പിക്കുന്ന അഴിമതികളുടെ വേലിയേറ്റമാണ് സംസ്ഥാനത്ത്. ഭരണസംവിധാനം അഴിമതിയുടെ താവളമായി മാറി. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും മന്ത്രിമാരുമാണ് കൊടികുത്തി വാഴുന്ന അഴിമതിരാജിന്റെ അമരത്ത്.

മുഖ്യമന്ത്രിയുടെ ഓഫീസ് തട്ടിപ്പുകാരുടെയും സദാചാരവിരുദ്ധരുടെയും താവളമായി മാറി. നാണക്കേടിന്റെ വാർത്തകളാണ് അവിടം കേന്ദ്രീകരിച്ചുവരുന്നത്. കേരളത്തെയാകെ ലജ്ജിപ്പിക്കുന്ന വെളിപ്പെടുത്തലുകളും തെളിവുകളും ഭരണസിരാകേന്ദ്രത്തിൽ നിന്ന് ഉയർന്നുകൊണ്ടിരിക്കുന്നു. മന്ത്രിമാരുടെ ഓഫീസ് അർധരാത്രിയും പണച്ചാക്കുകളെകാത്ത് തുറന്നിട്ടിരിക്കുന്നു. അധികാരമേറ്റ് അഞ്ച് വർഷം പൂർത്തിയാകുമ്പോൾ ഭരണസംവിധാനമാകെ അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുകയാണ്. സംസ്ഥാനത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കാൻ മത്സരിക്കുകയാണ് ഭരണകർത്താക്കളും അനുചരവൃന്ദവും.

ഉമ്മൻചാണ്ടിയുടെ അധികാരത്തണലിൽ കാര്യങ്ങൾ നിർവഹിക്കുന്നത് എപ്പോഴും തട്ടിപ്പ് സംഘമാണെന്ന ആക്ഷേപം അനുഭവങ്ങൾ അടിവരയിട്ടുറപ്പിച്ചു. കൈയോടെ പിടിക്കപ്പെട്ട് പുറത്തുപോയ ടെന്നിജോപ്പനും ജിക്കുമോൻ ജേക്കബ്ബും സലിംരാജും ഒക്കെ ഉദാഹരണങ്ങൾ. കേരളത്തെ അപമാനത്തിലാഴ്ത്തിയ സോളാർതട്ടിപ്പ് കേസിലും ഭൂമി ഇടപാടിലും പ്രതിക്കൂട്ടിലായതോടെയാണ് ഉമ്മൻചാണ്ടിയുടെ വിശ്വസ്തർ ഓരോരുത്തരായി പിന്നണിയിലേക്ക് വലിഞ്ഞത്.

സോളാർ സാമ്പത്തികതട്ടിപ്പിന്റെ പ്രഭവകേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസാണെന്ന് വ്യക്തമായിക്കഴിഞ്ഞു. മുഖ്യമന്ത്രിയുമായി ബന്ധപ്പെടുത്തുന്ന തെളിവുകളുടെ പരമ്പരയാണ് പുറത്തുവന്നത്-കേസിലെ പ്രധാനപ്രതി സരിത എസ് നായരും മുഖ്യമന്ത്രിയും തമ്മിലുള്ള അടുത്ത ബന്ധം ഉൾപ്പെടെ. മറ്റു പ്രമുഖ മന്ത്രിമാർക്കും മുൻ കേന്ദ്രമന്ത്രിക്കും യുഡിഎഫ് എംപിമാർക്കും യുഡിഎഫ് എംഎൽഎമാർക്കും സരിതയുമായുള്ള ബന്ധം പുറത്തുവന്നു. സോളാർ അഴിമതിഅന്വേഷണകമീഷനുമുമ്പിൽ വരുന്ന വെളിപ്പെടുത്തലുകൾ മലയാളികളുടെ ആത്മാഭിമാനം വ്രണപ്പെടുത്തുന്ന യുഡിഎഫ് ഭരണത്തിന്റെ വികൃതമുഖം തുറന്നുകാണിക്കുന്നു.

അധികാരമേറ്റ് ആറുമാസത്തിനകം മുഖ്യമന്ത്രിയുടെ ഓഫീസിൽ

നിന്ന് രണ്ടുപേരെ പുറത്താക്കിയിരുന്നു. ഇവർ രണ്ടുപേരും കൈക്കൂലിവാങ്ങുന്ന ദൃശ്യങ്ങൾ ക്യാമറയിൽ പതിഞ്ഞു. ഇത് പരസ്യമായി. സെക്രട്ടറിയറ്റിലെ ഫയൽ നീക്കത്തെക്കുറിച്ചുള്ള വിവരം മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ചോർത്തി നൽകിയതിനാണ് കൈക്കൂലി വാങ്ങിയത്.

മറ്റൊരു യൂത്ത് കോൺഗ്രസുകാരൻ പുറത്തുപോയത് ഒരു അധ്യാപികയുടെ പരാതിയുടെ പേരിലാണ്. മുഖ്യമന്ത്രിയുടെ കോൾ സെന്ററിലേക്ക് പരാതി പറയാൻ വിളിച്ച അധ്യാപികയുടെ മൊബൈൽ ഫോൺ നമ്പർ സംഘടിപ്പിച്ചു. തുടർന്ന് നിരന്തരമായി വിളിച്ച് ലൈംഗികബന്ധത്തിന് വഴങ്ങാൻ പ്രേരിപ്പിച്ചു. അധ്യാപിക പരാതി നൽകിയിട്ടും നടപടി എടുത്തില്ല. ഒടുവിൽ മാധ്യമങ്ങൾ വാർത്തയാക്കിയപ്പോൾ പറഞ്ഞുവിട്ടു.

മുഖ്യമന്ത്രി സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ച ഷാഫി മേത്തറും ഇപ്പോൾ പുറത്താണ്. ഒരു രൂപ പ്രതിമാസ പ്രതിഫലം മതിയെന്ന് പറഞ്ഞാണ് 'സേവന'ത്തിന് എത്തിയത്. ഇയാളുടെ ലക്ഷ്യവും മറ്റ് ചിലതായിരുന്നു. മുന്തിയ റിയൽ എസ്റ്റേറ്റ് കച്ചവടക്കാരനായിരുന്നു ഇയാൾ. കോടികളുടെ ആസ്തി; റിലയൻസ് ഗ്രൂപ്പിന്റെയും സീനെറ്റ്വർക്സിന്റെയും ഇടപാടുകൾ; രാജ്യത്തിനകത്തും പുറത്തും വൻകിട കമ്പനികളും സംരംഭകരുമായി ബന്ധം. ഇങ്ങനെയൊരാൾ സാമ്പത്തിക ഉപദേഷ്ടാവായതിന്റെ 'രഹസ്യം' തിരിച്ചറിഞ്ഞതോടെ വിവാദത്തിൽനിന്ന് തലയൂരാൻ സ്വയം രാജിവച്ച് ഇറങ്ങിപ്പോയി. ഇനിയുമുണ്ട് വിവാദനായകരുടെ സംഘം ഈ ഓഫീസിൽ ഇപ്പോഴും.

അഴിമതിക്കേസിൽ നിൽക്കക്കള്ളിയില്ലാതെ ധനമന്ത്രിയായിരുന്ന കെ എം മാണി പുറത്തുപോയെങ്കിലും അന്വേഷണവും വിചാരണയും നേരിടുന്നത് അര ഡസനിലേറെ മന്ത്രിമാരാണ്. പിടിച്ചു നിൽക്കാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടപ്പോഴാണ് മാണിക്ക് രാജിവെക്കേണ്ടി വന്നത്. കോടികൾ കൈമറിഞ്ഞ ബാർകോഴകേസിൽ മന്ത്രി

കെ ബാബു അന്വേഷണം നേരിടുകയാണ്. സോളാറിനു പുറമെ, പാമൊലിൻ, ടൈറ്റാനിയം, സൈൻ ബോർഡ് അഴിമതികളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ് പ്രതിക്കൂട്ടിൽ. റവന്യൂമന്ത്രി അടൂർ പ്രകാശ്, പഞ്ചായത്ത് വകുപ്പുമന്ത്രി എം കെ മുനീർ എന്നിവർ വിജിലൻസ് കേസുകളിൽ പ്രതികളാണ്. മുഖ്യമന്ത്രി ഉൾപ്പെടെ അരഡസൻ മന്ത്രിമാരാണ് അന്വേഷണം നേരിടുന്നത്. ആരോഗ്യമന്ത്രി വി എസ് ശിവകുമാർ, കൃഷിമന്ത്രി കെ പി മോഹനൻ, വിദ്യാഭ്യാസമന്ത്രി പികെ അബ്ദുറബ്ബ് എന്നിവരും അഴിമതി ആരോപണവിധേയരാണ്.

തിരുവനന്തപുരം ജില്ലയിലെ കടകംപള്ളിയിലും എറണാകുളം ജില്ലയിലെ ഇടപ്പള്ളി പത്തടിപ്പാലത്തും നടന്ന ഭൂമി തട്ടിപ്പുകേസുകളിൽ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ട ഹൈക്കോടതി മുഖ്യമന്ത്രിയുടെ ഓഫീസ് ഭൂമിതട്ടിപ്പുകാരുടെയും കൊള്ളരുതാത്തവരുടെയും താവളമാക്കി മാറ്റി എന്ന്വിധിന്യായത്തിൽ രേഖപ്പെടുത്തിയതാണ്. ജനാധിപത്യത്തിനും നിയമവ്യവസ്ഥയ്ക്കും കേരളീയന്റെ അന്തസ്സിനും മുറിവേല്പിച്ച് അധികാരത്തിൽ തുടരുകയാണ്.

പാമൊലിൻ കേസിൽ തുടരന്വേഷണം നിർദേശിച്ച വിജിലൻസ് ജഡ്ജിയെ അപമാനിച്ചും ഭീഷണിപ്പെടുത്തിയും പുറത്തുചാടിച്ചാണ് ഉമ്മൻചാണ്ടി തന്റെ സ്ഥാനം രക്ഷിച്ചത്. ടൈറ്റാനിയം, സൈൻബോർഡ് അഴിമതിക്കേസുകളിലും അട്ടിമറിതന്നെ സംഭവിച്ചു. സലിംരാജിന്റെ പേരിലുള്ള കേസ് പരിഗണിക്കവെ സലിംരാജ് സംസ്ഥാന മുഖ്യമന്ത്രിയാണോ, ഈ കോൺസ്റ്റബിളിനെ ഡിജിപിക്കും പേടിയാണോ, ഇവിടെ എന്ത് ജനാധിപത്യമാണുള്ളത് എന്ന് കോടതികൾക്ക് പോലും ചോദിക്കേണ്ടിവന്നു.

തിരുവനന്തപുരം പാറ്റൂരിൽ മുംബൈ ആസ്ഥാനമായ സ്വകാര്യ ഫ്ളാറ്റ് നിർമാതാക്കളുടെ ഭമിതട്ടിപ്പിന് മുഖ്യമന്ത്രി കൂട്ടുനിന്നതായി വിജിലൻസ് എഡിജിപിയായിരുന്ന ജേക്കബ് തോമസ് റിപ്പോർട്ട് സമർപ്പിച്ചതാണ്. ജേക്കബ് തോമസിനെ പുകച്ചുചാടിക്കുക എന്നതായിരുന്നു

പിന്നീട് യുഡിഎഫ് സർക്കാറിന്റെ ദൗത്യം. ഉമ്മൻചാണ്ടിക്കും റവന്യൂമന്ത്രിയായിരുന്ന തിരുവഞ്ചൂർ രാധാകൃഷ്ണനും നേരിട്ടുള്ള പങ്ക് തെളിവ് സഹിതം വ്യക്തമാക്കി ലോകായുക്തക്ക് ജേക്കബ് തോമസ് റിപ്പോർട്ട് നൽകിയിരുന്നു.

കേരളത്തെ പിടിച്ചുലച്ച ബാർകോഴ അഴിമതി യുഡിഎഫ് സർക്കാറിന്റെ തനിനിറം തുറന്നുകാട്ടി. ധനമന്ത്രിയായിരുന്ന കെ എം മാണിക്കെതിരെയുയർന്ന കോടികളുടെ കോഴയിടപാടിൽ മന്ത്രി ബാബുവിനും പങ്കുണ്ടെന്ന് വ്യക്തമായി. മാണിക്ക് മന്ത്രിസ്ഥാനം രാജിവെക്കേണ്ടിവന്നു. ബാബുവിനെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നു. രണ്ട് അന്വേഷണവും അട്ടിമറിക്കാൻ സർക്കാർനടത്തിയ എല്ലാ ഗൂഢതന്ത്രങ്ങളും കോടതിയുടെ ഇടപെടൽ മൂലമാണ് പൊളിഞ്ഞത്.

മാണിക്കെതിരെ ഒരുകോടിരൂപയുടെ ആരോപണമാണ് ഉയർന്നതെങ്കിൽ ബാബുവിനെതിരെ പത്തുകോടിരൂപയുടെ ആരോപണം വന്നു. ഈ പത്തുകോടിരൂപ മന്ത്രി പറഞ്ഞവർക്ക് എത്തിച്ചുവെന്ന ബാറുടമകളുടെ മൊഴിയോടെ കോൺഗ്രസ് നേതൃത്വംതന്നെ വെട്ടിലാണ്. മാണിക്കും ബാബുവിനും പുറമെ മറ്റു രണ്ടു മന്ത്രിമാർക്കെതിരെയും ആരോപണമുണ്ട്. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് മന്ത്രിമാർക്ക് കോഴ നൽകിയതെന്ന ബിജുരമേശിന്റെ വെളിപ്പെടുത്തലോടെ ഉമ്മൻചാണ്ടിയും സംശയ നിഴലിലാണ്.

കേസന്വേഷണം അട്ടിമറിച്ച് മാണിയെ രക്ഷിക്കാനുള്ള നീക്കങ്ങൾ കോടതി ഇടപെടലോടെയാണ് പൊളിഞ്ഞത്. മാണിയെ കുറ്റവിമുക്തനാക്കുന്ന വിജിലൻസ് റിപ്പോർട്ട് തള്ളിയ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽകോടതി തുടരന്വേഷണത്തിന് ഉത്തരവിട്ടതോടെ സർക്കാരിന്റെ എല്ലാ തന്ത്രങ്ങളും പാളി. ഹൈക്കോടതിയും അഴിമതിക്കാർക്കെതിരെ ആഞ്ഞടിച്ചതോടെയാണ് മാണിക്കു പുറത്തുപോകേണ്ടിവന്നത്. ബാബുവിന് പത്തുകോടിരൂപ നൽകിയെന്ന് ബിജു രമേശ് മജിസ്ട്രേറ്റിനാണ് മൊഴി നൽകിയത്. ബാറുകളുടെ ലൈസൻ

സ് ഫീസ് കുറക്കാനാണ് പണം നൽകിയത്. ഇതിനു പുറമെ, പുതിയ ബിയർ–വൈൻ പാർലർ ലൈസൻസുകൾക്കായി ലക്ഷങ്ങൾ നൽകിയെന്നും മൊഴിയിലുണ്ട്. തെളിവുകളുണ്ടായിട്ടും ബാബുവിനെതിരെ കേസെടുക്കാതിരിക്കാനാണ് വിജിലൻസ് കരുക്കൾ നീക്കിയത്. പക്ഷേ, കേസിൽ ദ്രുതപരിശോധനയ്ക്ക് തൃശൂർ വിജിലൻസ് കോടതി ഉത്തരവിട്ടു. ബാബുവിനെതിരെ കേസെടുക്കാത്തതെന്തെന്ന ചോദ്യവുമായി ഹൈക്കോടതി ഡിവിഷൻ ബെഞ്ചും യുഡിഎഫ് സർക്കാറിന് കനത്ത പ്രഹരമേല്പിച്ചു.

രാജ്യത്തെയും കേരളത്തെയും അഴിമതിവാഴ്ചയിൽ നിന്ന് മോചിപ്പിക്കാനുള്ള മഹാദൗത്യമാണ് ജനങ്ങൾക്ക് ഏറ്റെടുക്കാനുള്ളത്. എൽഡിഎഫിന്റെ സംശുദ്ധരാഷ്ട്രീയത്തിനുമാത്രമേ കേരളത്തിന്റെ അന്തസ്സ് വീണ്ടെടുക്കാനാവൂ. യുഡിഎഫിന്റെ ദുർഭരണം അവസാനിപ്പിക്കുകയാണ് അഴിമതിയുടെ അഴുക്കുചാലിൽനിന്ന് കേരളത്തെ രക്ഷിക്കാനുള്ള പോംവഴി. അഴിമതിക്കാരെ നിയമത്തിന്റെ പിടിയിലകപ്പെടുത്താനുള്ള ജനമുന്നേറ്റമാണ് നാട് കാത്തിരിക്കുന്നത്.

* * *

Printed and Published by Kodiyeri Balakrishnan, Secretary,
CPI (M) Kerala State Committee,
Printed at Chintha Printing & Publishing Co. Pvt. Ltd, Kochi - 17.

# അഴിമതി മുക്ത കേരളത്തിനായി അണിചേരുക

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50